# Siraj
# 30 July 2018
# Thiruvananthapuram; Restrictions To Travel Idukki

# ഇടുക്കിയിലേക്ക് സഞ്ചാരികൾക്ക് നിയന്ത്രണം

## 12 ദുരിതാശ്വാസ ക്യാമ്പുകൾ

**തിരുവനന്തപുരം:** ഇടുക്കി അണക്കെട്ടിന്റെ ഷട്ടറുകൾ തുറക്കുന്ന സാഹചര്യത്തിൽ ജില്ലയിലെ ഈ മേഖലയിലേക്കുള്ള വിനോദ സഞ്ചാരികളെ തടയാൻ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദേശം. വെള്ളം ഒഴുകുന്ന തീരങ്ങളിൽ ആളുകൾ കൂടി നിൽക്കരുതെന്നും സെൽഫി എടുക്കരുതെന്നും അതോറിറ്റി നിർദേശിച്ചു. ഒഴിഞ്ഞുപോകുന്ന, താമസിക്കാൻ ഇടമില്ലാത്തവർക്കായി പന്ത്രണ്ട് ദുരിതാശ്വാസ ക്യാമ്പുകൾ തുടങ്ങും.

2013ൽ ഇടമലയാർ അണക്കെട്ട് തുറന്നുവിട്ടപ്പോൾ വെള്ളം കയറിയ പ്രദേശങ്ങളിലുള്ളവർ പ്രത്യേക ശ്രദ്ധപുലർത്തണമെന്നാണ് നിർദേശം. ഷട്ടറുകൾ തുറക്കുന്നത് കാണാൻ പോകുന്നത് അടിയന്തര സാഹചര്യ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കും. ഇടുക്കി ജില്ലയിലെ വാഴത്തോപ്പ്, മരിയാപുരം, കഞ്ഞിക്കുഴി, വാത്തിക്കുടി, കൊന്നതടി എന്നീ പഞ്ചായത്തുകളിലേക്ക് മറ്റു ജില്ലകളിൽ നിന്നുള്ള വിനോദ സഞ്ചാരം പൂർണമായും തടയും. ഷട്ടർ തുറന്ന ശേഷം നദി മുറിച്ചുകടക്കരുതെന്നും നദിയിൽ കുളിക്കുന്നതും തുണി നനക്കുന്നതും കളിക്കുന്നതും ഒഴിവാക്കണമെന്നും അതോറിറ്റി ആവശ്യപ്പെട്ടു.

മറ്റുനിർദേശങ്ങൾ: നദിക്കരയോട് ചേർന്ന് താമസിക്കുന്നവരും മുൻകാലങ്ങളിൽ വെള്ളം കയറിയ പ്രദേശങ്ങളിലുള്ളവരും പ്രാഥമിക കിറ്റ് തയ്യാറാക്കണം. ടോർച്ച്, റേഡിയോ, 500 എം എൽ വെള്ളം, അത്യാവശ്യം വേണ്ടുന്ന മരുന്ന്, മുറിവിന് പുരട്ടാവുന്ന മരുന്ന്, ചെറിയ കുപ്പി ആന്റിസെപ്ടിക് ലോഷൻ, 100 ഗ്രാം കപ്പലണ്ടി, 100 ഗ്രാം ഉണക്ക മുന്തിരി അല്ലെങ്കിൽ ഈന്തപ്പഴം, ചെറിയ ഒരു കത്തി, പത്ത് ക്ലോറിൻ ടാബ്ലെറ്റ്, ഒരു ബാറ്ററി ബേങ്ക് അല്ലെങ്കിൽ ടോർച്ചിൽ ഇടാവുന്ന ബാറ്ററി, ബാറ്ററിയും കാൾ പ്ലാനും ചാർജ് ചെയ്ത ഒരു സാധാരണ മൊബൈൽ ഫോൺ, അത്യാവശ്യം കുറച്ച് പണം തുടങ്ങിയവ കരുതണം.

പ്രധാനപ്പെട്ട രേഖകൾ സർട്ടിഫിക്കറ്റുകൾ, വിലപിടിപ്പുള്ള സാധനങ്ങൾ തുടങ്ങിയവ പ്ലാസ്റ്റിക് ബാഗുകളിൽ എളുപ്പം എടുക്കാൻ പറ്റുന്ന ഉയർന്ന സ്ഥലത്ത് വീട്ടിൽ സൂക്ഷിക്കുക. ഔദ്യോഗികമായി ലഭിക്കുന്ന വിവരങ്ങളെല്ലാം വീട്ടിൽ എല്ലാവരോടും പറയുക.

ടി വിയിലും റേഡിയോയിലും വരുന്ന മുന്നറിയിപ്പുകൾ ശ്രദ്ധിക്കുക. ആവശ്യമാണെങ്കിൽ ഓരോ വില്ലേജിലെയും ആളുകൾക്ക് സുരക്ഷിതമായ സ്ഥാനങ്ങൾ അതാതു പ്രാദേശിക ഭരണകൂടങ്ങൾ അറിയിക്കും. ജലം കെട്ടിടത്തിനുള്ളിൽ പ്രവേശിച്ചാൽ, വൈദ്യുതാഘാതം ഒഴിവാക്കാനായി മെയിൻ സ്വിച്ച് ഓഫ് ആക്കുക. വീട്ടിൽ അസുഖമുള്ളവരോ, അംഗപരിമിതരോ, ഭിന്നശേഷിക്കാരോ, പ്രായമായവരോ കുട്ടികളോ ഉള്ളവർ അവരെ പ്രത്യേകം ശ്രദ്ധിക്കുക. വെള്ളപ്പൊക്കം ഉണ്ടായാൽ അവരെ ആദ്യം മാറ്റാൻ ശ്രമിക്കുക. പ്രത്യേക സഹായം ആവശ്യമാണെങ്കിൽ, ഇവരെ സംബന്ധിച്ച വിവരം അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയിക്കുക.

വൈദ്യുതോപകരണങ്ങൾ വെള്ളം വീട്ടിൽ കയറിയാലും നശിക്കാത്ത തരത്തിൽ ഉയരത്തിൽ വെക്കുക. വളർത്തു മൃഗങ്ങളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റുകയോ അതിനു പറ്റാത്ത അവസ്ഥയിൽ കെട്ടഴിച്ചു വിടുകയോ ചെയ്യുക.

**ജില്ലാ എമർജൻസി ഓപറേഷൻസ് സെന്റർ നമ്പറുകൾ**

എറണാകുളം- 04841077, 7902200300, 7902200400
ഇടുക്കി- 048621077, 9061566111, 9383463036
തൃശൂർ- 04871077, 2363424 , 9447074424